/66569/2022

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. പ്രിയങ്ക ജി. ഐ എ എസ്)

വിഷയം:- വനിത ശിശുവികസന വകുപ്പ് – സൈക്കോസോഷ്യൽ കൗൺസിലർമാർക്കുള്ള ഐഡി കാർഡ് വിതരണം - തുക അനുവദിച്ച് - ഉത്തരവാകുന്നു.

പരാമർശം:

1. സ. ഉ (സാധാ) നം. 304/2020/സാനീവ, 30.06.2020
2. വനിതാ ശിശു വികസന ഡയറക്ടറുടെ 24.09.2020 തീയതിയിലെ ICDS- A6/ 8607/19 നം. കത്ത്.
3. 13 ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ സമർപ്പിച്ച വിവിധ തീയതികളിലെ അപേക്ഷകൾ

**ഉത്തരവ് നം. DWCD/3909/2022-ICDSA6, തീയതി: 12-11-2022**

വകുപ്പ് നടപ്പിലാക്കി വരുന്ന സൈക്കോസോഷ്യൽ പദ്ധതിയുടെ കീഴിൽ സംസ്ഥാനത്ത് സേവനം അനുഷ്ഠിക്കുന്ന സ്കൂൾ കൗൺസിലർമാർക്ക് സ്റ്റോർ പർച്ചേസ് നിയമങ്ങൾക്കു വിധേയമായി ഐഡി കാർഡ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ പരാമർശം (1) പ്രകാരം സർക്കാർ അനുമതി ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം ജില്ല ഓഫീസർമാർക്ക് ഈ കാര്യാലയത്തിൽ നിന്നും നിർദേശം നൽകിയിരുന്നു. ഐഡി കാർഡിന്റെ മാതൃകയും, അനുവദനീയമായ തുകയും ജില്ലകൾക്ക് നൽകിയിരുന്നു. ഇപ്രകാരം ഉത്തരവ് തീയതിയിൽ നിലവിലുണ്ടായിരുന്ന മുഴുവൻ സ്കൂൾ കൗൺസിലർമാർക്കും ഐഡി കാർഡ് അനുവദിച്ചിരുന്നു.

എന്നാൽ അതിനു ശേഷം സ്കൂൾ കൗൺസിലർ റാങ്ക് ലിസ്റ്റിൽ നിന്നും നിയമിതരായ കൗൺസിലർമാർക്കും സ്ഥലംമാറ്റത്തിലൂടെ നിയമിതരായവർക്കും, ID കാർഡ് അനുവദിക്കുന്നതിനായി പരാമർശം (3) പ്രകാരം ജില്ലകളിൽ നിന്നും പ്രോപ്പോസലുകൾ ലഭ്യമാക്കിയിട്ടുണ്ട്. ഇവർക്ക് കൂടി ID കാർഡ് അനുവദിക്കണമെന്ന് ജില്ലാ വനിതാ ശിശു വികസന ഓഫിസർമാർ അഭ്യർഥിച്ചിട്ടുണ്ട്.

സ്കൂൾ കൗൺസിലർമാർക്ക് ഐഡി കാർഡ് അനുവദിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുള്ള സാഹചര്യത്തിൽ, ജില്ലാ വനിതാ ശിശുവികസന ഓഫിസർമാർ ലഭ്യമാക്കിയിട്ടുള്ള അപേക്ഷകളുടെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന വിധം ജില്ലകൾക്ക് തുക അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

| ക്രമ നമ്പർ | ജില്ല | ആവശ്യമായ ID കാർഡുകളുടെ എണ്ണം | ആവശ്യമായ തുക |
|---|---|---|---|
| 1 | തിരുവനന്തപുരം | 29 | 4350/- |
| 2 | കൊല്ലം | 16 | 2666/- |
| 3 | പത്തനംതിട്ട | 25 | 4150/- |
| 4 | ആലപ്പുഴ | 8 | 1328/- |
| 5 | ഇടുക്കി | 15 | 2499/- |
| 6 | കോട്ടയം | 7 | 1050/- |
| 7 | എറണാകുളം | NIL | - |
| 8 | തൃശ്ശൂർ | 12 | 1749/- |
| 9 | പാലക്കാട് | 18 | 2880/- |

| | | | |
|---|---|---|---|
| 10 | മലപ്പുറം | 15 | 2250/- |
| 11 | കോഴിക്കോട് | 7 | 1162/- |
| 12 | വയനാട് | 21 | 3150/- |
| 13 | കണ്ണൂർ | 15 | 2490/- |
| 14 | കാസർഗോഡ് | 24 | 3840/- |
| | **ആകെ** | 212 | 33,564/- |

(ആകെ മുപ്പത്തി മൂന്നായിരത്തി അഞ്ഞൂറ്റി അറുപത്തിനാല് രൂപാ മാത്രം)

ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ സൂചന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്റ്റോർ പർച്ചേസ് നിയമങ്ങൾക്കു വിധേയമായി ഐഡി കാർഡ് നിർമിച്ചു നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും, ക്വട്ടേഷൻ ലഭിച്ച സ്ഥാപനങ്ങൾ ഐഡി കാർഡ് വിതരണം പൂർത്തിയാക്കുന്ന മുറയ്ക്ക്, സ്ഥാപനത്തിന് തുക അനുവദിച്ചു നൽകേണ്ടതുമാണ്.

ഇതിലെയ്ക്കാവശ്യമായ തുക (33,564/-) നടപ്പുസാമ്പത്തിക വർഷം സൈക്കോസോഷ്യൽ പദ്ധതിയ്ക്കായി 2235-02-102-62-01-34-03(PV) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും ചെലവഴിക്കേണ്ടതാണ്. തുക ചെലവഴിച്ചത് സംബന്ധിച്ച ധനവിനിയോഗ സാക്ഷ്യപത്രം ഡിസംബർ 10നു മുൻപായി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)

**വനിത ശിശു വികസന ഡയറക്ടർ**

എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും.

പകർപ്പ് :

1. സൂപ്രണ്ട്, അക്കൗണ്ട് സെക്ഷൻ
2. സ്റ്റോക്ക് ഫയൽ / സ്പെയർ.

Signed by Priyanka G
Date: 12-11-2022 18:23:22